**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2470** **07-07-2022 - ൽ മറുപടിയ്ക്ക്**

**പുതിയ നിക്ഷേപകരെ ആകർഷിക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതിയ നിക്ഷേപകരെ ആകർഷിക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് പുതിയ നിക്ഷേപകരെ ആകർഷിക്കുന്നതിനും വ്യവസായ മേഖലയുടെ വളർച്ചയ്ക്കും, നിക്ഷേപ-തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും വേണ്ടി ഒട്ടേറെ നിയമനിർമ്മാണങ്ങളും നിയമ പരിഷ്കരണങ്ങളുമുൾപ്പെടെ ഒട്ടനവധി പദ്ധതികൾക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുടക്കം കുറിച്ചിരുന്നു. വ്യാവസായിക അനുമതിക്ക് വേണ്ടി അപേക്ഷ സമർപ്പിച്ച് പരമാവധി 30 ദിവസത്തിനുള്ളിൽ എല്ലാ അനുമതികളും ലഭ്യമാക്കാൻ K-SWIFT എന്ന പേരിൽ ഒരു ഓൺലൈൻ ഏകജാലക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. സംരംഭകർക്ക് കെ.എസ്.എെ.ഡി.സി, കിൻഫ്ര മുതലായ ഏജൻസികൾ മുഖേന അടിസ്ഥാന സൗകര്യങ്ങളും, വിവിധ വായ്പ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.<br><br>വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിൽ കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ വ്യവസ്ഥകൾ ഒഴിവാക്കാനും, കുറ്റകരമായ നടപടികൾ ലഘൂകരിക്കാനുമുള്ള നടപടികൾ സർക്കാർ തുടങ്ങിയിട്ടുണ്ട്.<br><br>സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും സമയബന്ധിതമായി തീർപ്പാക്കുന്നതിനും വേണ്ടി നിയമ പിന്തുണയുള്ള പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിട്ട് സംസ്ഥാനത്ത് കിൻഫ്രയുടെ കീഴിൽ, കൊച്ചി - ബാംഗ്ലൂർ വ്യവസായ ഇടനാഴി, പെട്രോകെമിക്കൽ പാർക്ക്, കൊച്ചി ഇലക്ട്രോണിക് മാനുഫാസ്റ്ററിങ് ക്ലസ്റ്റർ, കാക്കനാട്, കൊച്ചി, സ്പൈസസ് പാർക്ക്, ഇടുക്കി, ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, കാക്കഞ്ചേരി, മലപ്പുറം, കഴക്കൂട്ടം കിൻഫ്ര ഫിലിം ആൻറ് വീഡിയോ പാർക്കിൽ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി - രണ്ടാംഘട്ടം, എന്നിവ നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | 2022 മെയ് 26 മുതൽ 29 വരെ സ്വിറ്റ്സർലൻഡിലെ ദാവോസിൽ നടന്ന ലോക സാമ്പത്തിക ഫോറത്തിൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും മന്ത്രിമാർ അടക്കമുള്ള പ്രതിനിധികൾ പങ്കെടുത്തപ്പോൾ സംസ്ഥാനത്ത് നിന്നും ആരെല്ലാമാണ് പങ്കെടുത്തത്; വിശദാംശം വെളിപ്പെടുത്തുമോ? | (ബി) | **സംസ്ഥാനത്തെ പ്രതിനിധീകരിച്ച് ആരും പങ്കെടുത്തില്ല.**<br>**അന്തർദേശീയ വ്യാവസായിക എക്സിബിഷനുകൾ/ കോൺഫറൻസുകൾ, എന്നിവയിൽ ഔദ്യോഗിക ക്ഷണം ലഭിക്കുന്ന മുറയ്ക്ക്, കേന്ദ്രസർക്കാർ അനുമതിയ്ക്ക് വിധേയമായി മാത്രമാണ് സംസ്ഥാനത്തെ പ്രതിനിധീകരിച്ച് ബഹു. മുഖ്യമന്ത്രിയുടെയോ, വകുപ്പ് മന്ത്രിമാരുടെയോ, വകുപ്പ് തലവൻമാരുടെയോ നേതൃത്വത്തിലുള്ള പ്രതിനിധി സംഘം പങ്കെടുക്കാറുള്ളത്** |

സെക്ഷൻ ഓഫീസർ